(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ കർഷകർക്ക് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ചു കർഷകർക്ക് കേന്ദ്രഗവൺമെന്റിൽനിന്ന് നഷ്ടപരിഹാരം ലഭിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കാർഷിക വിളകളുടെ വില വർദ്ധിപ്പിക്കുന്നതിനോ കർഷകർക്കു വേണ്ടി മറ്റാനുകൂല്യങ്ങൾ നേടുന്നതിനോ ഒരു സർവ്വകക്ഷി നിവേദക സംഘം കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് ഭരണകക്ഷികളുടെ നിവേദകസംഘം കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാം;

(ജി) ഇതിൽ കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം അനുവദിച്ചു; വിശദ വിവരം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന വിവേചനരഹിതമായ ഇറക്കുമതിനയത്തിന്റെ ഫലമായി വിലയിടിവ് ഉണ്ടായിട്ടുണ്ട്.

(ബി) നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) നാളികേരത്തിന്റെ വിലയിടിവ് പ്രമാണിച്ച് 2000 സീസണിൽ കിന്റലിന് 3250 രൂപ നിരക്കിൽ മില്ലിംഗ് കൊപ്ര കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം 2000 മാർച്ച് 8 മുതൽ ശേഖരിച്ചുവരുന്നു. റബ്ബറിന്റെ ബഞ്ചുമാർക്കുവില 34.05 രൂപ കിലോവിനു നിജപ്പെടുത്തി എസ്.റ്റി.സി.മുഖേന റബ്ബർ സംഭരണം നടത്തി വരുന്നു. മറ്റു കാർഷിക ഉൽപ്പന്നങ്ങൾക്കുണ്ടായിട്ടുള്ള വിലയിടിവ് പരിഹരിക്കുന്നതിന് താങ്ങുവില ഏർപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കാർഷിക വിളകളുടെ വിലയിടിവ് ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിവേദനം നൽകിയിട്ടുണ്ട്.

(ഇ) മുഖ്യമന്ത്രി, കൃഷിമന്ത്രി, പാർലമെന്റ് അംഗങ്ങൾ, നിയമസഭാ സാമാജികർ എന്നിവരെല്ലാം നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്) നിവേദനങ്ങളിലെ പ്രധാന ആവശ്യങ്ങൾ നമ്മുടെ കാർഷിക വിളകൾക്ക് ദോഷകരമായ വ്യവസ്ഥകൾ റദ്ദാക്കുക, ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം 30% മാക്കുക റബ്ബറിനു താങ്ങുവില പ്രഖ്യാപിച്ച് ശേഖരിക്കുക, കാർഷിക വിളകളുടെ സംരക്ഷണ പരിപാടികൾക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയവയാണ്.

(ജി) കേരളത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം അനുകൂലമല്ല.

നെല്ലു സംഭരണ സംസ്കരണ വിപണന പദ്ധതി

21 (*81) ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
ശ്രീ. എൻ.ആർ. ബാലൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണ സംസ്കരണ-വിപണന പദ്ധതി ആവിഷ്കരിച്ചുവോ; എങ്കിൽ എന്ന്;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷം എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൃഷിക്കാരിൽനിന്നു മാത്രമേ നെല്ല് സംഭരിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തവണ വില വർദ്ധിപ്പിച്ചുവെന്നും ഓരോ തവണ എത്ര രൂപ വീതം വർദ്ധിപ്പിച്ചെന്നും വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ നെല്ലുസംഭരണ-സംസ്കരണ-വിപണന പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1997-98 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് നെല്ലു സംഭരണ-സംസ്കരണ-വിപണന പദ്ധതി ആവിഷ്കരിച്ചു.

(ബി) മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി കൊടുക്കുന്നു.†

(സി) മുൻകൂട്ടി നിശ്ചയിച്ച പ്രദേശങ്ങളിലെ രജിസ്റ്റർ ചെയ്ത കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് മാത്രമേ ഈയിനത്തിൽ സംഭരിക്കപ്പെടുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും താഴെ പറയുന്ന തരത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ജില്ലാതല	അദ്ധ്യക്ഷൻ
1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	അദ്ധ്യക്ഷൻ
2. ജില്ലാ പഞ്ചായത്തിന്റെ കൃഷി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	അംഗം
3. ജില്ലാ സപ്ലൈ ഓഫീസർ	അംഗം
4. കൃഷി വകുപ്പ് ജോയിന്റ് ഡയറക്ടർ	കൺവീനർ
5. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്	കൺവീനർ
6. സഹകരണ ജോയിന്റ് രജിസ്ട്രാർ	കൺവീനർ
7. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ	കൺവീനർ

ആലപ്പുഴ ജില്ലാ കമ്മിറ്റിയിൽ സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മെമ്പർ കൂടി അംഗമായിരിക്കുന്നതാണ്.

പഞ്ചായത്തുതലം

---

† †അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

1. പഞ്ചായത്തു പ്രസിഡന്റ്	അദ്ധ്യക്ഷൻ
2. പ്രാഥമിക സഹകരണ സംഘം പ്രസിഡന്റ്	അംഗം
3. വില്ലേജ് ഓഫീസർ	അംഗം
4. കൃഷി ഓഫീസർ	കൺവീനർ
5. സഹകരണ സംഘം ഇൻസ്പെക്ടർ	അംഗം
6. കർഷക സംഘടനകളുടെ ഓരോ പ്രതിനിധി	അംഗം

ഈ കമ്മിറ്റിയെ കാലാകാലങ്ങളിൽ യോഗം ചേർന്ന് നെല്ലു സംഭരണ സംസ്ക്കരണ വിപണനത്തിനുള്ള നടപടികൾ അവലോകനം ചെയ്യേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആണ്. ഈ നിർദ്ദേശപ്രകാര മുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ വർഷവും - നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചിട്ടുണ്ട്.

	വെള്ളഅരിയുടെ നെല്ല്	മട്ടഅരിയുടെ നെല്ല്
97-98	525	575
98-99	550	600
99-00	600	650
2000-01	650	700

(ഇ) നെല്ലു സംഭരണ-സംസ്കരണ-വിപണന പദ്ധതി കാര്യക്ഷമമാ യി തന്നെയാണ് നടന്നുവരുന്നത്.

വനഭൂമിക്ക് പുറത്തുള്ള കാവുകൾ, കണ്ടൽക്കാടുകൾ തുടങ്ങിയവയുടെ സംരക്ഷണം

22 (*82) ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിക്ക് പുറത്തുള്ള കാവുകൾ, കണ്ടൽക്കാടുകൾ തുടങ്ങി യവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ജൈവ വൈവിദ്ധ്യം നിലനിറുത്തുന്നതിനും പരിസ്ഥിതി സംര ക്ഷണത്തിനുമായി കോടതി വിധികൾമൂലം അന്യാധീനപ്പെട്ട വനഭൂമി ഏറ്റെടു ക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാ ക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) i) കാവുകളുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് അവയുടെ സംരക്ഷണത്തിനായുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly